**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** | **01-09-2022 - ൽ മറുപടിയ്ക്ക്**

**അവയവദാന ശാസ്ത്രക്രിയകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവദാന ശാസ്ത്രക്രിയകൾ ഏകോപിപ്പിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | **അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും, അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരേ കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിച്ചിട്ടുണ്ട്. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ കീഴിൽ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിലുണ്ട്. മരണാനന്തര അവയവദാനം മുഖേനയുള്ള അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിനായി 26.06.2022 ലെ സ.ഉ (സാധാ) നം.1522/2022/ ആ.കു.വ പ്രകാരം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്കായി 1.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ഒരു രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമമാകുകയും സുതാര്യമാകുകയും ചെയ്യും. അവയവദാന രംഗത്ത് സമഗ്ര മാറ്റം കൊണ്ടുവരുന്നതിന് ഒരു പ്രോട്ടോകോൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.** |

സെക്ഷൻ ഓഫീസർ